**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 148** **28-07-2021 - ൽ മറുപടിയ്ക്ക്**

**ശബരിമല എയർപോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ തോമസ് കെ തോമസ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ലക്ഷക്കണക്കിന് തീർത്ഥാടകർ എത്തിച്ചേരുന്ന ശബരിമലയുടെ ആഗോള പ്രാധാന്യം പരിഗണിച്ച് ശബരിമല എയർപോർട്ട് അടിയന്തരമായി നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതിയുടെ സാധ്യതാ പഠനം നടത്തുന്നതിനായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി) ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് കെ.എസ്.ഐ.ഡി.സി താൽപര്യപത്രം പുറപ്പെടുവിക്കുകയും സുതാര്യമായ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ ലൂയി ബെർഗർ കൺസൾട്ടിങ്ങ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ഏജൻസിയെ തെരഞ്ഞെടുക്കുകയും ചെയ്തു. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന വിമാനത്താവളത്തിന്റെ ടെക്നോഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) കെ.എസ്.ഐ.ഡി.സി. മുഖേന സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ചെറുവള്ളി എസ്റ്റേറ്റിലെ മുഴുവൻ ഭൂമിയും (2263.18 ഏക്കർ) ഉപയുക്തമാക്കി വിമാനത്താവളം നിർമ്മിക്കുന്നതിലേയ്ക്കായി ടി ഭൂമി ഏറ്റെടുക്കുന്നതിന് 18.06.2020 ലെ സ.ഉ(കൈ) നം. 158/2020/റവ പ്രകാരം ഉത്തരവാകുകയുണ്ടായി. എന്നാൽ പ്രസ്തുത ഉത്തരവിലെ, വില കോടതിയിൽ കെട്ടിവച്ച് ഭൂമി ഏറ്റെടുക്കണമെന്ന നിബന്ധന ബഹു.ഹൈക്കോടതി റദ്ദ് ചെയ്യുകയുണ്ടായി. കൂടാതെ ഭൂമിയുടെ അവകാശവുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത സിവിൽ കേസ് പാലാ മുൻസിഫ് കോടതിയുടെ പരിഗണനയിലാണ്. പ്രസ്തുത കേസ് സമയബന്ധിതമായി തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചു വരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനും ഡി.പി.ആർ തയ്യാറാക്കുന്നതിനുമുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി യെ |

| | | | |
|---|---|---|---|
| | | | ചുമതലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സാമൂഹ്യ ആഘാത പഠനം, മണ്ണ് പരിശോധന, ഡി.ജി.സി.എ ക്ലിയറൻസ്, സർവ്വേ, വിവര ശേഖരണം എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | ശബരിമലയുടെ പ്രാധാന്യം കണക്കിലെടുത്ത് ഗ്രീൻ ഫീൽഡ് എയർപോർട്ട് ശബരിമലയോട് അടുത്ത് നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതിയുടെ സാധ്യതാ പഠനം നടത്തുന്നതിനായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി) ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് കെ.എസ്.ഐ.ഡി.സി താൽപര്യപത്രം പുറപ്പെടുവിക്കുകയും സുതാര്യമായ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ ലൂയി ബെർഗർ കൺസൾട്ടിങ്ങ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ഏജൻസിയെ തെരഞ്ഞെടുക്കുകയും ചെയ്തു. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന വിമാനത്താവളത്തിന്റെ ടെക്നോഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) കെ.എസ്.ഐ.ഡി.സി. മുഖേന സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ചെറുവള്ളി എസ്റ്റേറ്റിലെ മുഴുവൻ ഭൂമിയും (2263.18 ഏക്കർ) ഉപയുക്തമാക്കി വിമാനത്താവളം നിർമ്മിക്കുന്നതിലേയ്ക്കായി ടി ഭൂമി ഏറ്റെടുക്കുന്നതിന് 18.06.2020 ലെ സ.ഉ(കൈ) നം. 158/2020/റവ പ്രകാരം ഉത്തരവാകുകയുണ്ടായി. എന്നാൽ പ്രസ്തുത ഉത്തരവിലെ, വില കോടതിയിൽ കെട്ടിവച്ച് ഭൂമി ഏറ്റെടുക്കണമെന്ന നിബന്ധന ബഹു.ഹൈക്കോടതി റദ്ദ് ചെയ്യുകയുണ്ടായി. കൂടാതെ ഭൂമിയുടെ അവകാശവുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത സിവിൽ കേസ് പാലാ മുൻസിഫ് കോടതിയുടെ പരിഗണനയിലാണ്. പ്രസ്തുത കേസ് സമയബന്ധിതമായി തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചു വരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനും ഡി.പി.ആർ തയ്യാറാക്കുന്നതിനുമുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി യെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സാമൂഹ്യ ആഘാത പഠനം, മണ്ണ് പരിശോധന, ഡി.ജി.സി.എ ക്ലിയറൻസ്, സർവ്വേ, വിവര ശേഖരണം എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | പത്തനംതിട്ട ജില്ലയിൽ എയർപോർട്ട് നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ എന്തെല്ലാം | (സി) | പദ്ധതിയുടെ സൈറ്റ് ക്ലിയറൻസിനുവേണ്ടി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് കത്ത് അയച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | അനുമതികളാണ് ആവശ്യം ഉള്ളതെന്ന് വ്യക്തമാക്കുമോ? | | കൂടാതെ കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ അനുമതി ആവശ്യമായതിനാൽ അതിനുള്ള അപേക്ഷയും സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ